بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 12.04.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഉഹുദു യുദ്ധ സംഭവവികാസങ്ങൾ

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاکَ
نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ۝ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

റമദാനു മുമ്പ് തിരുനബി(സ)ന്റെ യുദ്ധങ്ങളെ സംബന്ധിച്ചും തിരുനബി(സ)ന്റെ ജീവചരിത്രത്തെ പ്പറ്റിയും ആണ് പറഞ്ഞിരുന്നത്. ഇന്നും ഇതേപ്പറ്റി തന്നെയാണ് പറയുന്നത്.

നിവേദനങ്ങളിൽ പറയുന്നു: ഹദ്റത്ത് സഅദ് ബിൻ മുആദിന്റെ മാതാവ് നബി(സ)ന്റെ അടുക്കൽ വന്നപ്പോൾ സഅദ് പറഞ്ഞു: യാ റസൂലല്ലാഹ്(സ)! ഇത് എന്റെ ഉമ്മയാണ്. നബി(സ) അവർക്കുവേണ്ടി കുതിരയെ നിർത്തിക്കൊണ്ട് പറഞ്ഞു: അവരെ സ്വാഗതം ചെയ്യൂ. അങ്ങനെ അവർ അടുത്തെത്തി നബി(സ)നെ സൂക്ഷിച്ച് നോക്കാൻ തുടങ്ങി, നബി(സ) അവരോട് അവരുടെ മകൻ അംറ് ബിൻ മുആദിന്റെ ശഹാദത്തിൽ അനുശോചനം അറിയിച്ചപ്പോൾ അവർ പറഞ്ഞു: ഞാൻ അങ്ങയെ സമാധാനത്തിൽ കണ്ടപ്പോൾ ഞാൻ എന്റെ പ്രയാസങ്ങളും ദു:ഖ ങ്ങളും ഒഴിവാക്കിയിരിക്കുന്നു. നബി(സ) അവരോട് പറഞ്ഞു: നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ, എല്ലാ ശുഹദാക്കളുടെ വീട്ടുകാർക്കും സുവാർത്ത അറിയിക്കുകയും ചെയ്യുക, കൊല്ലപ്പെട്ട എല്ലാവരും സ്വർഗത്തിൽ പരസ്പരം കൂട്ടുകാരാകുന്നു. എല്ലാ വരും തന്താങ്ങളുടെ കുടുംബക്കാർക്കുവേണ്ടി അല്ലാഹുവിന്റെ സവിധത്തിൽ ശിപാർശ ചെയ്തി ട്ടുണ്ട്.

ഉമ്മു സഅദ് പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങൾ എല്ലാവരും ദൈവിക തൃപ്തിയിൽ തൃപ്തരാണ്. മാത്രമല്ല ഈ സുവാർത്തക്കുശേഷം ഇനി ആർ ക്കാണ് കരയാൻ കഴിയുക? തുടർന്ന് അവർ നബി(സ) നോട്, ശുഹദാക്കളുടെ സന്തപ്ത കുടുംബാംഗങ്ങ ൾക്ക്വേണ്ടി ദുഃആക്ക് അപേക്ഷിക്കുകയുണ്ടായി.

അപ്പോൾ നബി(സ) ദു:ആ ചെയ്തു: അല്ലാഹുവേ, അവരുടെ ഹൃദയങ്ങളിലുള്ള ദുഃഖവും വേദനയും ഇല്ലാതാക്കേണമേ, അവരുടെ കഷ്ടതകൾ അകറ്റേ ണമേ, ശുഹദാക്കളുടെ പിൻഗാമികളെ അവരുടെ ഏറ്റവും ഉത്തമരായ പിൻഗാമികളാക്കേണമേ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മദീനക്കാരുടെ അർപ്പണബോധത്തെ സംബന്ധിച്ച് പറയുന്നു: നോക്കുക, ആ സ്ത്രീക്ക് തന്റെ വാർദ്ധക്യത്തിൽ തന്റെ ഊന്നുവടിയാണ് നഷ്ടമായത്, എന്നിട്ടും ധൈര്യപൂർവം പറയുന്നു: എന്റെ മകനെ സംബ ന്ധിച്ച ദു:ഖം എന്നെ എന്ത് തിന്നാനാണ്, നബി(സ) ജീവിച്ചിരിക്കുന്നുവെങ്കിൽ ഞാൻ ആ സങ്കടത്തെ വറുത്ത് തിന്നുന്നതാണ്.

മറ്റൊരിക്കൽ ഇതേ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലയോ അൻസ്വാറുകളേ! എന്റെ ജീവൻ നിങ്ങൾക്ക്മേൽ തെണ്ടമായിരിക്കട്ടെ. നിങ്ങൾ എത്രമാത്രം പുണ്യ മാണ് കരസ്ഥമാക്കിയത്!

മറ്റൊരിക്കൽ അഹ്മദീ സ്ത്രീകളോട് പറയുന്നു: ഇതേ സ്ത്രീകൾ ഇസ്‌ലാമിന്റെ പ്രചാരണത്തിനും തബ്‌ലീഗിനും പുരുഷന്മാരുടെ തോളോടുതോൾ ചേർന്ന് നീങ്ങിയിരുന്നു. ഇതേ സ്ത്രീകളുടെ ത്യാഗ ത്തിൽ ഇസ്‌ലാമികലോകം അഭിമാനം കൊള്ളുന്നു. ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസി ച്ചിരിക്കുന്നുവെന്ന് നിങ്ങൾ വാദിക്കുന്നവരാണ്. മസീഹ് മൗഊദ്(അ) തിരുനബി(സ)ന്റെ പ്രതിബിംബം ആകുന്നു. അതായത് മറ്റു വാക്കുകളിൽ പറ ഞ്ഞാൽ നിങ്ങൾ സഹാബിയ്യാത്തിന്റെ പ്രതിബിം ബമാകുന്നു. പക്ഷെ നിങ്ങൾ തന്നെ പറയുവിൻ, നിങ്ങൾക്കുള്ളിൽ സഹാബിയ്യാത്തിന്റെ അതേ ആവേശം അലയടിക്കുന്നുണ്ടോ?

ഈ സംഭവം പോലെ ചില സംഭവങ്ങൾ നേര ത്തേയും വിവരിച്ചവയാണ്. പക്ഷെ ഈ സംഭവ ങ്ങൾ വിവിധ തരത്തിൽ കേൾക്കുമ്പോൾ ഒരു പ്രത്യേക ഈമാനിക അവസ്ഥയും ആവേശവും ഉണ്ടാക്കുന്നവയാണ്.

ആദ്യകാല മഹിളകളുടെ സംഭവങ്ങൾ വിവരിച്ചു കൊണ്ട് ഒരു സന്ദർഭത്തിൽ ആ മഹാത്മാവ് പറയുന്നു: ക്രിസ്ത്യാനികൾ മഗ്ദലന മറിയത്തിന്റെയും കൂട്ടുകാരുടെയും ധൈര്യത്തിൽ സന്തോഷ ഭരിതരായിരുന്നു. വെളുപ്പിന് മുമ്പ് ശത്രുക്കളുടെ കണ്ണുവെട്ടിച്ച് അവർ യേശുവിന്റെ ഖബ്റിന്നരികെ എത്തിയതായി പറയുന്നു. എന്നാൽ ഞാൻ അവരോട് പറയുകയാണ്, എന്റെ പ്രേമഭാജനത്തോട് കൂറും ഭക്തിയും ഉണ്ടായിരുന്നവർ എത്ര പ്രക്ഷുബ്ധമായ അവസ്ഥയിലാണ് കൂടെ നിൽക്കുകയും തൗഹീദിന്റെ പതാക പറത്തുകയും ചെയ്തതെന്ന് നോക്കുവിൻ!

നബി(സ) ഉഹുദ് യുദ്ധശേഷം മദീനയിലെത്തിയ സന്ദർഭത്തിൽ മുനാഫിഖീംകളും യഹൂദികളും സന്തോഷം പ്രകടിപ്പിക്കുകയും മുസ്‌ലിംകളെ ദുഷിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: മുഹമ്മദ്(സ) നഊദുബില്ലാഹ് രാജാധികാരം കൈക്കലാക്കാൻ ആഗ്രഹിക്കുകയാണ്. ഇദ്ദേഹത്തിന് നഷ്ടമുണ്ടായതുപോലെ മറ്റൊരു നബിക്കും നഷ്ടമുണ്ടായിട്ടില്ല. തനിക്കു തന്നെയും അനുചരന്മാർക്കും പരിക്കുപറ്റി. നിങ്ങളുടെ കൊല്ലപ്പെട്ട ആളുകൾ ഞങ്ങളോടൊപ്പം നിന്നിരുന്നുവെങ്കിൽ ഒരിക്കലും കൊല്ലപ്പെടുമായിരുന്നില്ല. ഹദ്റത്ത് ഉമർ(റ) നബി(സ)നോട് ഇങ്ങനെ വർത്തമാനം പറയുന്ന മുനാഫിഖീംകളെ കൊല്ലുവാൻ അനുമതി തേടിയപ്പോൾ നബി(സ) അദ്ദേഹത്തോട് ചോദിച്ചു: അവർ ലാ ഇലാഹ ഇല്ലല്ലാഹ് അതായത് അല്ലാഹു  അല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്ന് സാക്ഷ്യം വഹിക്കുന്നവരല്ലേ? ഞാൻ, അല്ലാഹുവിന്റെ റസൂലാണെന്ന് പറയുന്നവരുമല്ലേ? അതായത് ഇവർ കലിമ ചൊല്ലുന്നവരല്ലേ? അപ്പോൾ ഉമർ(റ) പറഞ്ഞു: എന്തുകൊണ്ടല്ല, തീർച്ചയായും അവർ കലിമ ചൊല്ലുന്നവരാകുന്നു. പക്ഷേ വാളിനെ ഭയപ്പെട്ടു കൊണ്ടാണ്. അല്ലെങ്കിൽ മുനാഫിഖത്തിന്റെ  വർത്തമാനങ്ങളും എന്തിനു പറയണം. ഇപ്പോൾ അവരുടെ അവസ്ഥ പ്രകടമാകുകയും ഉള്ളിലിരുപ്പ് പുറത്തേക്ക് വരികയും അവരുടെ ശത്രുത വ്യക്തമാകുകയും ചെയ്തിരിക്കെ അവരോട് പ്രതികാരം ചോദിക്കണം. നബി(സ) പറഞ്ഞു: ശഹാദത്ത് കലിമ ചൊല്ലുന്നവരെ, കൊല്ലുന്നത് എനിക്ക് വിലക്കപ്പെട്ടിരിക്കുന്നു.

ഇത് നാമമാത്രരായ ഉലമാക്കളുടെ വായടക്കാൻ മതിയായതാണ്. അഹ്മദികളിൽ കാപട്യത്തിന്റെ ഒരു ലാഞ്ചനപോലും ഇല്ലായിരുന്നിട്ടും കാഫിറും വധാർഹരുമാണെന്നു പറയുന്നു. ഈ നാമമാത്ര ഉലമാക്കൾ ഇസ്‌ലാമിന്റെ പേര് കളങ്കപ്പെടുത്തി വെച്ചിരിക്കുകയാണ്.

ഉഹുദിലെ ശുഹദാക്കളുടെ ജനാസയുമായി ബന്ധപ്പെട്ട സ്വഹീഹ് ബുഖാരിയിലെ നിവേദനത്തിൽനിന്ന് ഉഹുദ് യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കളുടെ സ്ഥാനമാനത്തെ സംബന്ധിച്ച് മനസ്സിലാകുന്നതാണ്. ഹദ്റത്ത് അഖബ ബിൻ ആമിർ നിവേദനം ചെയ്യുന്നു, നബി(സ) 8 വർഷത്തിനുശേഷം ഉഹുദിലെ ശുഹദാക്കളുടെ ജനാസ നമസ്കരിക്കുകയുണ്ടായി. അതിനുശേഷം നബി(സ) മിമ്പറിൽ കയറി പറഞ്ഞു: ഞാൻ നിങ്ങൾക്ക് വഴികാട്ടിയും സാക്ഷിയുമാകുന്നു. നിങ്ങളെ ഹൗളിൽ വെച്ച് കാണാം. ഞാൻ അത് ഈ നിൽക്കുന്ന സ്ഥലത്തുനിന്ന് കാണുന്നു. ഞാൻ നിങ്ങളെ സംബന്ധിച്ച് നിങ്ങൾ ശിർക്കിൽ അകപ്പെടുമോ എന്ന് ആശങ്കപ്പെടുന്നില്ല. പക്ഷെ നിങ്ങൾ ഭൗതികതയിൽ അകപ്പെടുമോ എന്നും അതിനുവേണ്ടി പരസ്പരം പോരാടുമോ എന്നും ഞാൻ ഭയപ്പെടുന്നു.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു, നബി(സ) പറയുമായിരുന്നു. എനിക്ക് ഉഹുദിലെ ശുഹദാക്കളെക്കുറിച്ച് ഓർമ വരുമ്പോൾ ഞാനും മലയിടുക്കിൽ എന്റെ കൂട്ടുകാരോടൊപ്പം ഉണ്ടായിരുന്നെങ്കിൽ അഥവാ അവരോടൊപ്പം ശഹീദായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് എനിക്ക് തോന്നാറുണ്ട്.

നബി(സ) ഉഹുദിലെ ശുഹദാക്കളുടെ ഖബ്റുകൾ സന്ദർശിച്ചുകൊണ്ട് ദുഃആ ചെയ്തു: അല്ലാഹുവേ, തീർച്ചയായും നിന്റെ ദാസനും ദൂതനുമായ ഞാൻ സാക്ഷ്യം നൽകുന്നു, ഇവർ ശുഹദാക്കളാണ്. ഈ ശുഹദാക്കളെ സന്ദർശിക്കുകയും ഖിയാമത്ത് വരെ അവർക്ക്മേൽ സലാം ചൊല്ലുകയും ചെയ്യുന്നവർക്ക് ഇവർ മറുപടി നൽകുന്നതാണ്. ഇവർക്ക് ഞാൻ സാക്ഷ്യം നൽകുന്നു.

നിവേദനത്തിൽ വരുന്നു: തിരുനബി(സ) എല്ലാ വർഷവും ഉഹുദിലെ ശുഹദാക്കളുടെ ഖബ്ർ സന്ദർശിക്കുമായിരുന്നു: നിവേദകൻ പറയുന്നു: പിന്നീട് ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ഹദ്റത്ത് ഉസ്മാനും(റ) അവരുടെ ഖബ്റുകൾ സന്ദർശിച്ചിരുന്നു.

ഹദ്റത്ത് ബിശറിന്റെ പിതാവ് ഉഹുദ് യുദ്ധത്തിൽ ശഹീദായിരുന്നു. ശഹീദായപ്പോൾ അദ്ദേഹത്തിന്റെ മകൻ ഇരുന്ന് കരയുകയായിരുന്നു. നബി(സ) അതുവഴി കടന്നു പോകുമ്പോൾ പറഞ്ഞു: നിശബ്ദനായിരിക്കൂ, ഞാൻ നിന്റെ പിതാവും ആയിശ നിന്റെ മാതാവുമാകുന്നതിൽ നീ സന്തോഷിക്കുകയില്ലേ? ബിശർ പറഞ്ഞു: എന്തുകൊണ്ട് ഇല്ല, ഞാൻ പൂർണമായും അതിൽ തൃപ്തനാണ്.

നബി(സ) അദ്ദേഹത്തിന്റെ ശിരസ്സിൽ തലോടുകയുണ്ടായി. അദ്ദേഹത്തിന്റെ വാർദ്ധക്യ കാലത്ത് തല മുഴുവൻ നരച്ചെങ്കിലും നബി(സ) തലോടിയ ഭാഗത്തുള്ള മുടി പതിവുപോലെ കറുത്തതായി തന്നെ തുടർന്നു. അദ്ദേഹത്തിന് വിക്ക് ഉണ്ടായിരുന്നു. നബി(സ) അദ്ദേഹത്തിന്റെ വായിൽ ദം ചെയ്തപ്പോൾ വിക്ക് മാറുകയും ചെയ്തു.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. ഫലസ്തീന്റെയും ലോകത്തിന്റെയും അവസ്ഥകൾക്ക്വേണ്ടി ദുഃആ ചെയ്യുക. അവസ്ഥകൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ് ഇറാനെയും ആക്രമിക്കുകയും യുദ്ധം കൂടുതൽ പരക്കുകയും ചെയ്യുമോ എന്നതുമാണ് ആശങ്ക. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. യമനിലെ കുറച്ച് തടവുകാരുടെ മോചനം നടന്നുവെന്ന വാർത്ത വന്നിരിക്കുന്നു. മറിച്ച് ഭൂരിപക്ഷം പേരെയും ഇന്നലെ തന്നെ വിട്ടയക്കുകയുണ്ടായി. ബാക്കിയുള്ളവരുടെ മോചനത്തിനുവേണ്ടിയും ദുഃആ ചെയ്യുക. അല്ലാഹു ഇവരെ സംബന്ധിച്ചിടത്തോളം അധികാരികളുടെ ഹൃദയങ്ങളെ വിമലീകരിക്കുമാറാകട്ടെ. പ്രത്യേകിച്ചും ഒരു മഹിള അതായത് സദ്ർ ലജ്ന ഇമാഇല്ലാഹ്യും ബന്ധനസ്ഥയാണ്. അല്ലാഹു എത്രയും വേഗം അവരുടെ മോചനത്തിന് വഴി ഒരുക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം രണ്ട് ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്. ഒന്ന് ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെയും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീസ് ബേഗം സാഹിബയുടെയും മകനായ മുസ്തഫാ അഹ്മദ് ഖാൻ സാഹിബ്. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഏറ്റവും ചെറിയ ദൗഹിത്രനാണ്. രണ്ടാമത്തെ ജനാസ അമേരിക്കയിലെ ഡോ. മീർ ദാവൂദ് അഹ്മദ് സാഹിബിന്റേതാണ്. ഹുസൂർ തിരുമനസ്സ് ഇവരെ അനുസ്മരിക്കുകയും ഇവരുടെ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ഇവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ദുഃആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 12.04.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T.Jamshad Mukkam For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516